March 2019 Reg. No. ....................................... **FY-101**

Name ...........................................

## പാർട്ട് III - ഐച്ഛികം

## കഥകളി വേഷം (വടക്കൻ)

## സിദ്ധാന്തം

പരമാവധി സ്കോർ : **50**

Time : **2** Hours

I. **ശരയായ ഉത്തരം തെരഞ്ഞെടുത്ത് എഴുതുക.** **(10 x 1 = 10)**

1. നിർവിഘ്ന പരിസമാപ്തിക്ക് വേണ്ടി നടത്തപ്പെടുന്ന കഥകളിയിലെ ചടങ്ങ്?
(കേളി; പുറപ്പാട്; തോടയം)

2. 'ചൊല്ലിയാട്ടം' എന്ന ഗ്രന്ഥം ആരുടെ സ്മരണയ്ക്ക് മുമ്പിലാണ് ഗ്രന്ഥകാരൻ സമർപ്പിക്കുന്നത്?
(പിതാവിന് മുമ്പിൽ; ഗുരുവിന് മുമ്പിൽ; ഭഗവതിക്ക് മുമ്പിൽ)

3. പാണ്ഡവർക്ക് പൗരോഹിത്യം വഹിച്ചത്?
(വസിഷ്ഠൻ; ധൗമ്യൻ; വ്യാസൻ)

4. വിരാട പുത്രിയായ ഉത്തരയുടെ ഭർത്താവ്?
(അർജ്ജുനൻ; ലക്ഷ്മണ കുമാരൻ; അഭിമന്യു)

5. ഇന്ദ്രനഗരിയുടെ പേര്?
(അമരാവതി; ദ്വാരവതി; അമര പുരി)

6. കലകളുടെ ആവിർഭാവം എന്തിന് വേണ്ടി?
(ധർമ്മ സംരക്ഷണം; ഐശ്വര്യ ജീവിതം; ജീവിത സുഖം)

7. കഥകളിയിലെ അഭിനയരീതി പൊതുവെ ഏത് ധർമ്മിയിൽപ്പെടുന്നു?
(നാട്യ ധർമ്മി; ലോക ധർമ്മി; ഗൃഹ ധർമ്മി)

8. അർജ്ജുനൻ ശിവനെ തപസ്സ് ചെയ്തത് ആരുടെ നിർദ്ദേശത്താൽ?
(ധർമ്മപുത്രർ; വ്യാസൻ; പാണ്ഡു)

9. വീര രസോല്പത്തിക്ക് കാരണമായ സ്ഥായിഭാവം?
(ഉത്സാഹം; പരാക്രമം; ബലം)

10. പാണ്ഡവരെ ചതിയിൽപ്പെടുത്തുവാൻ നിർമ്മിച്ച അരക്കില്ലത്തിന്റെ സ്ഥല നാമം?
(വാരണാവതം; മാത്സ്യപുരം; ഇന്ദ്രപ്രസ്ഥം)

II. ''ശസ്ത്രാർത്ഥം ശക്രസൂനൌ (4)

ഗതവതി'' എന്ന ശ്ലോകം, സാരം എന്നിവ കുറിക്കുക.

III. പാഠഭാഗത്തെ മുൻനിർത്തി ദുർവ്വാസാവിന്റെ സ്വഭാവം നിരൂപണം ചെയ്യുക. (4)

IV. രസങ്ങളും സ്ഥായി ഭാവങ്ങളും ക്രമത്തിൽ എഴുതുക. (4)

V. ''ഹും കൃതിയോടരികളുടയ – (5)

ഹം കൃതി കളഞ്ഞു യമ

കിങ്കരനു നല്കുവതി –

നിന്നു തടവരുതേ'' – ഭീമന്റെ പ്രതികാര വാഞ്ഛയും ധർമ്മ സങ്കടവും വ്യക്തമാക്കുക.

VI. രുക്മിണി സ്വയംവരം ആട്ടക്കഥയിൽ നിന്ന് രുക്മിണി ആത്മഗതമായ് പറയുന്ന പത്ത് വരി പദം കുറിക്കുക. (5)

VII. പതാകം, മുഷ്ടി. കർത്തരീ മുഖം എന്നീ ഹസ്തങ്ങളുടെ ലക്ഷണം കുറിക്കുക. (5)

VIII. മഹാകവി വള്ളത്തോളിനെ കുറിച്ച് വിവരിക്കുക. (5)

IX. **ഏതെങ്കിലും ഒരു ചോദ്യത്തിന് ഉത്തരം എഴുതുക.** (8)

1. കഥകളി ചിട്ടകളെ മുൻനിർത്തി ബകവധം കഥ വിവരിക്കുക.
2. ഓർമ്മയായ ഒന്നിലധികം കഥകളി കലാകാരന്മാരെ കുറിച്ച് കുറിപ്പ് തയ്യാറാക്കുക.

March 2019 Reg. No. ....................................

Name ..........................................

**FY-102**

**പാർട്ട് III - ഐച്ഛികം**

**കഥകളി വേഷം (തെക്കൻ)**

**സിദ്ധാന്തം**

പരമാവധി സ്കോർ : **50**

Time : **2** Hours

---

I. **ശരിയായ ഉത്തരം തെരഞ്ഞെടുത്ത് എഴുതുക.** **(10 x 1 = 10)**

1. ഇന്നത്തെ കഥകളിയുടെ പൂർവ്വ രൂപം?

   (രാമനാട്ടം; കൃഷ്ണനാട്ടം; മോഹിനിയാട്ടം)

2. രജോഗുണത്തിൽപ്പെടുന്ന കഥകളി വേഷത്തിന് പറയുന്ന പേര്?

   (പച്ച; താടി; കത്തി)

3. കേരളത്തിന്റെ സ്വന്തമെന്ന് വിശേഷിപ്പിക്കുന്ന രംഗകല?

   (കൂത്ത്; കഥകളി; കൂടിയാട്ടം)

4. തുള്ളൽ കഥകളിൽ പ്രാധാന്യം കല്പിക്കുന്ന രസം?

   (അത്ഭുതം; ഹാസ്യം; ശൃംഗാരം)

5. ആരുടെ വാഹനമാണ് ഐരാവതം?

   (വിഷ്ണു; വൈശ്രവണൻ; ഇന്ദ്രൻ)

6. കഥകളി അഭ്യസിക്കുന്ന ഇടത്തിന് നല്കിയിരിക്കുന്ന പേര്?

   (കളരി; കൂത്തമ്പലം; നാട്യഗൃഹം)

7. പ്രായോഗിക കലകളിൽപ്പെടുന്ന ഒരു ഇനം?

   (മാർഗ്ഗം കളി; മോഹിനിയാട്ടം; ഗൃഹനിർമ്മാണം)

8. അത്ഭുത രസത്തിന് വ്യവസ്ഥ ചെയ്തിരിക്കുന്ന നിറം?
   (പച്ച; മഞ്ഞ; നീല)

9. കേരളക്കരയിലെ പ്രധാന വാദ്യോപകരണം?
   (ചെണ്ട; മദ്ദളം; തിമില)

10. 'നിശാചരി' – പ്രകടിപ്പിക്കുന്ന മൂല മുദ്ര?
    (പതാകം; കടകം; കർത്തരീ മുഖം)

II. ഉത്തരന് ധൈര്യം നല്കുവാൻ അർജ്ജുനൻ ഉപദേശിച്ച പത്ത് നാമങ്ങൾ ഏതെല്ലാം? **(4)**

III. വർദ്ധമാനകം, അരാളം, ഊർണ്ണനാഭം എന്നീ ഹസ്തമുദ്രകളുടെ ലക്ഷണം എഴുതുക. **(4)**

IV. നൃത്യ കലയ്ക്ക് വേണ്ട ലക്ഷണങ്ങൾ വ്യക്തമാക്കുക. **(4)**

V. ചവിട്ടിചാടി പിന്നോക്കം അഭിനയിക്കുന്ന പത്ത് വാക്കുകൾ എഴുതുക. **(5)**

VI. "കഷ്ടമഹോ ധാർത്ത രാഷ്ട്രന്മാർ" – സന്ദർഭം സൂചിപ്പിച്ച് പദം പൂർത്തിയാക്കുക. **(5)**

VII. സന്ദർഭ സൂചനകൊടുത്ത് 'വനവർണ്ണന' വിവരിക്കുക. **(5)**

VIII. "പാർഷതി! മമ സഖി! **(5)**
മാ കുരു ദേവിതം" – പദാനന്തരമുള്ള ഇളകിയാട്ടം ക്രമത്തിൽ വിവരിക്കുക.

IX. 1. ദക്ഷയാഗം കഥ ചിട്ടകൾ സംയോജിപ്പിച്ച് വിവരിക്കുക. **(8)**

**അല്ലെങ്കിൽ**

2. 'കോട്ടയം കഥകൾക്കുള്ള പ്രസക്തി' – ചർച്ച ചെയ്യുക.

---

March 2019 | Reg. No. ..................................... | **FY-103**

Name ..........................................

## പാർട്ട് III - ഐച്ഛികം

## കഥകളി സംഗീതം

## സിദ്ധാന്തം

പരമാവധി സ്കോർ : **50**

Time : **2** Hours

**പൂരിപ്പിക്കുക.**

1. തോടയം ''പത്മാവല്ലഭപാലയഭഗവൻ'' ............................... രാഗത്തിൽ പാടുന്നു. **(2)**

2. തോടയത്തിലെ ''ജഹ്നുസുതാശ്രിതമൌലേ! ...................... താളത്തിൽ പാടുന്നു. **(2)**

3. സന്താനഗോപാലം ആട്ടക്കഥയുടെ കർത്താവ് ......................................... . **(2)**

4. കാലകേയവധത്തിൽ ''സലജ്ജോഹം തവ ചാടു'' എന്ന പദം .......................... താളം അക്ഷരകാലത്തിൽ പാടുന്നു. **(2)**

5. ഭയേതി ഭീമം പതിതം പദാന്തേ ................. സ സൗമ്യരൂപം – സമവോചദേവം. **(2)**

6. ''മാകുരു വിഷാദമധുനാ മഹനീയ'' പദത്തിന്റെ ശ്ലോകമെഴുതുക. **(6)**

7. ദക്ഷയാഗം കഥയിലെ കഥാപാത്രങ്ങൾ ആരെല്ലാം? **(6)**

8. ''പാഞ്ചാല രാജ തനയേ'' ഏതു കഥയിൽ? ആരുടെ പദം? ഏതു രാഗത്തിലും താളത്തിലും പാടുന്നു? ഇരട്ടി എത്രതാളവട്ടം? **(8)**

9. ഏണാങ്കമൌലിയുടെ ചേണാർന്നരൂപമുടൻ ............ തുടങ്ങി-ദണ്ഡകം എഴുതുക. **(10)**

10. കഥകളി സംഗീതം കഥകളിക്ക് കേരളീയമായ മുഖചരായ എങ്ങനെ നൽകിയെന്ന് വ്യക്തമാക്കുക. **(10)**

March 2019 Reg. No. ..................................... **FY-104**

Name ..........................................

## പാർട്ട് III - ഐച്ഛികം

## കഥകളി ചെണ്ട

## സിദ്ധാന്തം

പരമാവധി സ്കോർ : **50**

Time : **2** Hours

**പൂരിപ്പിക്കുക. (1 മുതൽ 5 വരെ)** **(5 x 1 = 5)**

1. കാലകേയവധം ആട്ടക്കഥ യുടെ കർത്താവ് ........... തമ്പുരാൻ ആകുന്നു.

2. തായമ്പകയുടെ രണ്ടാമത്തെ ഘട്ടമാണ് ............. .

3. ദേവ ദേവൻ വാസു ദേവൻ എന്നത് ............. പദമാകുന്നു.

4. തൃപുട താളത്തിന് ............... അക്ഷരകാലമാകുന്നു.

5. കഥകളിയിൽ ചെണ്ട ആദ്യമായി പരീക്ഷിച്ചത് ............. രാജാവാണ്.

6. 'അരവിന്ദമിഴിമാരെ' – എന്ന പദം ഏതു കഥയിൽ ആര് ആരോട് പറയുന്നതാണ്? **(5)**

7. 'ഇപ്പോൾ തന്നെ ഗമിയ്ക്കേണം' – എന്നിടത്ത് എടുക്കുന്ന പ്രത്യേക കലാശം ഏത്? ഏതു കഥയിൽ ആർ എടുക്കുന്നു? **(5)**

8. ഉത്തരാസ്വയംവരം, രാവണവിജയം എന്നീ കഥകളിലെ ദൂതന്റെ രംഗപ്രവേശന വ്യത്യാസം എന്ത്? **(5)**

9. പുറപ്പാട് എത്ര വിധമുണ്ട് – ഏതൊക്കെ? **(5)**

10. തോടയത്തിന് എന്തെല്ലാം വാദ്യങ്ങൾ വേണം .............. അവ ഏതു വിഭാഗത്തിൽ പെടുന്നു. **(5)**

11. ചതുർവിധ വാദ്യങ്ങൾ ഏതൊക്കെയെന്ന് ഉദാഹരണ സഹിതം വ്യക്തമാക്കുക. **(10)**

12. ഉത്ഭവത്തിലെ കുട്ടിരാവണന്റെ ചടങ്ങുകൾ എഴുതുക. **(10)**

**March 2019** | **Reg. No. ......................................** | **FY-105**

**Name ...........................................**

# പാർട്ട് III - ഐച്ഛികം

## കഥകളി മദ്ദളം

## സിദ്ധാന്തം

പരമാവധി സ്കോർ : **50**

Time : **2** Hours

---

**ഒറ്റവാക്കിൽ ഉത്തരം എഴുതുക.** **(10 × 1 = 10)**

1. കഥകളിക്ക് വിളക്കുവെച്ചാൽ ആദ്യമായി അരങ്ങത്ത് വന്ന് പ്രയോഗിക്കുന്ന വാദ്യം ഏത്?

2. മദ്ദളത്തിന്റെ ഓംകാരം (ധീം) ശബ്ദം ഏതു ഭാഗത്തുനിന്ന് വരുന്നു?

3. അരങ്ങു കേളിക്ക് ഉപയോഗക്കുന്ന (മദ്ദളക്കേളി) ചെണ്ടയ്ക്ക് പറയുന്ന പ്രത്യേക പേര്?

4. സീതാസ്വയംവരം ആട്ടക്കഥ എഴുതിയത് ആര്?

5. പരശുരാമന്റെ മാതാവിന്റെ പേര്?

6. ശ്രീകൃഷ്ണനും കംസനുമായുള്ള ബന്ധം എന്ത്?

7. കലാമണ്ഡലത്തിൽ പകുതിപ്പുറപ്പാട് ആദ്യമായി അവതരിപ്പിച്ചത് ആര്?

8. എൻകണവ എന്ന പദം ഏത് താളത്തിൽ?

9. പുറപ്പാടിലെ 4-ാം നോക്കിന്റെ പദത്തിന്റെ ആദ്യത്തെ വരി?

10. താടിവേഷങ്ങൾ തലയിൽ വെക്കുന്ന കിരീടത്തിന് പറയുന്ന പേര്?

**വിശദമായി ഉത്തരം എഴുതുക.** **(6 × 5 = 30)**

11. സന്ധ്യക്കേളിക്ക് ഉപയോഗിക്കുന്ന വാദ്യങ്ങൾ ഏതൊക്കെ?

12. തോടയത്തിലെ ''സകല ജഗദാധാര'' എന്നു തുടങ്ങുന്ന പദം എഴുതുക.

13. ഓരോ ചിഹ്നങ്ങളും എന്തിനെകുറിക്കുന്നു?

    a)  ........................

    b)  ........................

    c)  ........................

    d)  ........................

    e)  ........................

14. സന്താനഗോപാലം കഥയിലെ കഥാപാത്രങ്ങൾ?

15. ചെമ്പടയിലെ സാധാരണ സ്ത്രീവേഷക്കലാശം എഴുതുക.

16. കഥകളിയിലെ ചടങ്ങുകൾ ക്രമമായി എഴുതുക.

**ഏതെങ്കിലും ഒന്നിന് ഉത്തരം എഴുതുക.** **(1 × 10 = 10)**

17. ''മാതംഗാനനമബ്ജവാസരമണീം'' എന്നു തുടങ്ങുന്ന വന്ദന ശ്ലോകം എഴുതുക.

18. പൂതനാ മോക്ഷത്തിലെ ''സുകുമാര നന്ദകുമാര'' എന്നു തുടങ്ങുന്ന പദം മുഴുവനായി എഴുതുക.

March 2019 Reg. No. ..................................... **FY-106**

Name ..........................................

## പാർട്ട് III - ഐച്ഛികം

## കഥകളി ചുട്ടി

## സിദ്ധാന്തം

പരമാവധി സ്കോർ : **50**

Time : **2** Hours

---

1. നാരദമുടിയുടെ നെറ്റിഭാരത്തിന്റെ വ്യാസം എത്ര? **(3)**

2. ദൃശ്യകലകളിൽ ആഹാര്യത്തിന്റെ ആവശ്യമെന്ത്? **(4)**

3. കിരീടത്തിന്റെ കെട്ടുകച്ചയുടെ നീളവും വീതിയും എഴുതുക. **(3)**

4. മുഖത്തേപ്പിനുള്ള വർണ്ണങ്ങളും അവ നിർമ്മിക്കാനുള്ള വസ്തുക്കളും എഴുതുക. **(6)**

5. നന്ദികേശ്വരനും ഹനുമാനും തമ്മിൽ വേഷവ്യത്യാസമെന്ത്? **(4)**

6. കഥകളിയിൽ സ്ത്രീവേഷ കോപ്പുകളിൽ ഒന്ന് ഉപയോഗിക്കുന്ന പുരുഷവേഷമേത്? ഏത് സാധനമാണ് ഉപയോഗിക്കുന്നത്? **(4)**

7. പച്ച വിഭാഗത്തിൽ നിറ വ്യത്യാസമുള്ള മുഖത്തേപ്പുകൾ ഏവ? ഓരോ ഉദാഹരണം എഴുതുക. **(8)**

8. ആഹാര്യത്തെ അഭിനയം എന്ന വിഭാഗത്തിൽ ഉൾപ്പെടുത്താൻ കാരണമെന്ത്? **(5)**

9. മുഖത്തേപ്പിന്റെ അടിസ്ഥാനത്തിൽ കഥകളി വേഷങ്ങളെ എങ്ങനെ തരംതിരിക്കാം? **(7)**

10. ശാന്തം, രൗദ്രം, ഭയാനകം എന്നീ രസങ്ങൾക്ക് നിർദ്ദേശിച്ചിട്ടുള്ള വർണ്ണങ്ങൾ ഏവ? **(6)**

March 2019 Reg. No. ....................................... **FY-107**

Name ..........................................

## പാർട്ട് III - ഐച്ഛികം

## കൂടിയാട്ടം (പുരുഷ വേഷം)

## സിദ്ധാന്തം

പരമാവധി സ്കോർ : **50**

Time : **2** Hours

---

I. **ഒറ്റവാക്കിൽ ഉത്തരമെഴുതുക.** **(5 x 1 = 5)**

1. ശൃംഗാരത്തിന് എത്ര അവസ്ഥാഭേദങ്ങളുണ്ട്?
2. ചാക്യാർകൂത്തിന് പറയുന്ന മറ്റൊരു പേര് എന്ത്?
3. ബാലിയുടെ പുത്രന്റെ പേര്?
4. സുഗ്രീവന്റെ പത്നി?
5. രാമായണത്തിലെ നാലാമത്തെ കാണ്ഡം ഏതാണ്?

II. **രണ്ടു പുറത്തിൽ കവിയാതെ ഉത്തരം എഴുതുക.** **(1 x 10 = 10)**

1. 'രവികരൈഃഅസ്പൃഷ്ടബാലദ്രുമാ' – സന്ദർഭം വിവരിച്ച് ആശയം വ്യക്തമാക്കുക.

III. **താഴെകൊടുത്തിരിക്കുന്ന ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.** **(2 x 8 = 16)**

1. കൂടിയാട്ടാവതരണത്തിന്റെ മൂന്ന് ഘട്ടങ്ങൾ ഏതെല്ലാം? ഓരോന്നും വിശദമാക്കുക.
2. സ്ഥായിഭാവം രസമായിത്തീരുന്നതെങ്ങനെ? വിവരിക്കുക.

IV. കൂടിയാട്ടത്തിലെ വാചികാഭിനയ വൈവിധ്യം- ചർച്ച ചെയ്യുക. **(1 x 6 = 6)**

V. തോരണയുദ്ധം കൂടിയാട്ടത്തിലെ ശൗനകർണ്ണൻ എന്ന കഥാപാത്രത്തിന്റെ അഭിനയ വൈവിധ്യം വിവരിക്കുക. **(1 x 7 = 7)**

VI. 'ലക്ഷ്മണ,യുക്തം കൃതം ത്വയാ-നനു വധസ്ഥാനേ – **(1 x 6 = 6)**

സ്ത്രീണാമേഷ ഏവ ദണ്ഡ.' – സന്ദർഭം വിവരിച്ച് ആശയം വ്യക്തമാക്കുക.

---

March 2019 Reg. No. ...................................... **FY-108**

Name ..........................................

**പാർട്ട് III - ഐച്ഛികം**

**കൂടിയാട്ടം (സ്ത്രീവേഷം)**

**സിദ്ധാന്തം**

പരമാവധി സ്കോർ : **50**

Time : 2 Hours

---

I. **ഒറ്റവാക്കിൽ ഉത്തരമെഴുതുക.** **(5 x 1 = 5)**

1. 'കൗണ്ഡിന്യൻ' ഏതു കൂടിയാട്ടത്തിലെ കഥാപാത്രമാണ്?
2. 'സുമുഖം ദുർമ്മുഖീ' ആരുടെ വിചാരം?
3. 'കിരീടി' ആര്?
4. സന്തോഷാധിക്യത്തിൽ ഉപയോഗിക്കുന്ന സ്വരം?
5. പഞ്ചബാണൻ ആര്?

II. **താഴെ കൊടുത്തിരിക്കുന്ന മുദ്രകളുടെ പ്രമാണശ്ലോകം എഴുതുക:** **(3 x 2 = 6)**

1. മുകുളം 2. മുദ്രാഖ്യം 3. ത്രിപതാകം

III. **രണ്ടുപുറത്തിൽ കവിയാതെ ഉത്തരമെഴുതുക.** **(1 x 10 = 10)**

1. ഏതെല്ലാം ഘടകങ്ങളാണ് ശൃംഗാരത്തിന്റെ പ്രകർത്തിന് ആവശ്യമായിട്ടുള്ളത് - വിവരിക്കുക.

IV. 'ശ്രീകൃഷ്ണ ചരിതം' എന്ന ഗ്രന്ഥത്തെ പരിചയപ്പെടുത്തുക. **(1 x 7 = 7)**

V. കൂടിയാട്ടത്തിലെ അക്കിത്തകളുടെ വൈവിധ്യം - വിവരിക്കുക.

**അല്ലെങ്കിൽ**

'ഹം അയമപിന-കുമാര' സന്ദർഭം വിവരിക്കുക. **(1 x 8 = 8)**

VI. താഴെ കൊടുത്തിരിക്കുന്ന ശ്ലോകങ്ങളുടെ പ്രമാണ ശ്ലോകങ്ങൾ എഴുതുക: **(2 x 2 = 4)**

1. മുരളീനദളം 2. പുറനീര്

VII. കൂടിയാട്ടം, നവോത്ഥാനവും കേരള കലാമണ്ഡലവും - വിശദമാക്കുക. **(1 x 10 = 10)**

---

March 2019 Reg. No. ..................................... **FY-109**

Name ..........................................

# പാർട്ട് III - ഐച്ഛികം

## മിഴാവ്

## സിദ്ധാന്തം

പരമാവധി സ്കോർ : **50**

Time : **2** Hours

---

I. 1. പ്രബന്ധകൂത്ത് അവതരിപ്പിക്കുന്ന സമ്പ്രദായം എഴുതുക? **(3 x 2 = 6)**

2. ക്ഷേത്രങ്ങളിൽ കൂത്തവതരിപ്പിക്കുന്ന സ്ഥലം ഏത്?

II. മത്തവിലാസത്തിലെ സൂത്രധാരൻ പുറപ്പാടിന്റെ ക്രമം എഴുതുക. **(5)**

III. മത്തവിലാസം കപാലിയിലെ നാല് ക്രയകളുടെ വായ്ത്താരി എഴുതുക. **(4 x 2½ = 10)**

1. നിർഗ്ഗീത
2. ഹാസ്യക്രിയ
3. ചാരി
4. പരിക്രമം
5. തട്ട്

IV. രണ്ടെണ്ണത്തിന്റെ അരങ്ങുതളി ശ്ലോകം എഴുതുക. **(2 x 4 = 8)**

1. ശ്രീകൃഷ്ണചരിതം നങ്ങ്യാർകൂത്ത്
2. മത്തവിലാസം
3. അംഗുലീയകം

V. ആർത്തൻ, ശ്രീകണ്ഠി എന്നീ ശ്ലോകങ്ങൾ ഉപയോഗിക്കുന്ന താളം ഏത്? **(5)**

VI. നങ്ങ്യാർ കൂത്ത് പുറപ്പാടിന്റെ രംഗസംജ്ജീകരണങ്ങൾ വിശദമാക്കുക. **(6)**

VII. മിഴാവിന്റെ ഉത്ഭവത്തെ കുറിച്ചുള്ള ഐതീഹ്യങ്ങളും പരാമർശങ്ങളും വിശദീകരിച്ച് 2 പുറത്തിൽ കുറയാതെ ഉപന്യസിക്കുക. **(10)**

---

March 2019 | Reg. No. ................................... | **FY-110**

Name ........................................

# പാർട്ട് III - ഐച്ഛികം

## തുള്ളൽ

## സിദ്ധാന്തം

പരമാവധി സ്കോർ : **50**

Time : 2 Hours

---

**ബ്രാക്കറ്റിൽ നിന്നും ശരിഉത്തരം എടുത്തെഴുതുക.** **(6 x 1 = 6)**

1. ''ഹന്ത, ഹന്ത മുകുന്ദാ മുരാന്തക ബന്ധുരാങ്കദയാസിന്ധോ

   ബന്ധമെന്തേനിക്കിവണ്ണം സംഭവിപ്പാനയ്യോ കൃഷ്ണ.''

   – ഈ വരികളിലെ പദത്തിന്റെ രാഗം.

   (ദ്വിജവന്തി, വന്നി, ശഖാന, നാട്ട)

2. കുഞ്ചൻ നമ്പ്യാരുടെ കുലവൃത്തിയായ ജോലി (തുള്ളലിന് മുൻപ്) എന്തായിരുന്നു?

   (തുള്ളൽ അവതരണം, മിഴാവുകൊട്ടൽ, ചെണ്ടകൊട്ടൽ)

3. സന്താനഗോപാലം കഥയിൽ: ദ്വാരകയിൽ അശ്വമേധം നടക്കുന്ന അവസരത്തിൽ ശ്രീകൃഷ്ണന്റെ ആത്മമിത്രവും കർമ്മത്തിൽ പങ്കെടുക്കാൻ വന്നു. ആ മിത്രം ആരാണ്?

   (അർജ്ജുനൻ, നകുലൻ, ഭീമൻ)

4. ഹരിണാങ്കാഭരണന്റെ ചരണാം ഭോരുഹം രണ്ടും – ഈ വരി ഏതു കഥയിലേതാണ്?

5. ചാപ്പുതാളത്തിൽ വരുന്ന വരികൾ ഇവയിൽ ഏതാണ്?

6. ദ്രുതഗതിയിൽ പാടുന്ന തുള്ളൽ ഏതാണ്?

**ഉത്തരമെഴുതുക.** **(3 x 1 = 3)**

7. കുഞ്ചൻനമ്പ്യാരുടെ തുള്ളൽ കഥകളിൽ ആദ്യത്തെ തുള്ളൽ കഥയുടെ പേരെഴുതുക.

8. നമ്പ്യാർ എഴുതിയ 5 ഓട്ടൻ തുള്ളലിന്റെ പേരെഴുതുക.

9. കാലകാലൻ ഭഗവാന്റെ ചരിത്രങ്ങളുരചെയ്‌വാൻ – ഈ വരികൾ ഏതു കഥയിലേതാണ്?

**10 മുതൽ 13 വരെ സന്ദർഭം വിശദീകരിക്കുക. സ്കോർ 4 വീതം.** **(4 x 4 = 16)**

10. ''തത്ര സമീപത്തുള്ളൊരു ഭൂസുര
സത്തമനും പുനരന്തർജനവും
എത്ര കൊതിച്ചിട്ടുണ്ടായ് വന്നൊരു
പുത്രൻ ചത്തു പിറന്നു ധരായാം''

11. ''ലത്യുച്ചത്തിലിവണ്ണം ശിവ ശിവ
പത്തിരുനൂറു നിലവിളി ചെയ്തു.

12. ''ഒരു കാട്ടിൽ ഒരു കോട്ടിൽ ശിവക്ഷേത്രമവൻ കണ്ടു''.

13. ഭക്തിയോടെ ശിവലിംഗം ചെന്നെടുത്തു മഹാവേടൻ''.

14. ഓട്ടൻതുള്ളലിൽ ഉപയോഗിക്കുന്ന ആടയാഭരണങ്ങളുടെ (മേയ്ക്കോപ്പിന്റെ) പേരെഴുതുക. **(1 x 3 = 3)**

15. ''ഭക്തിയോടെ ദ്വിജ വരനെ തൊഴുതു
സ്വശക്തി നടിച്ചു പറഞ്ഞു തുടങ്ങി'' - എന്താണ് പറഞ്ഞത്? **(1 x 3 = 3)**

16. ഓട്ടൻതുള്ളലിൽ ഉപയോഗിക്കുന്ന 3 താളങ്ങളുടെ പേരെഴുതുക. **(1 x 4 = 4)**

17. തുള്ളൽ എന്ന കലാരൂപത്തെകുറിച്ച് അറിയുന്നത് എഴുതുക. **(1 x 10 = 10)**

18. മലബാർ രാമൻനായരെ കുറിച്ച് അറിയുന്നത് എഴുതുക. **(1 x 5 = 5)**

| | | |
|---|---|---|
| **March 2019** | **Reg. No. ......................................** | **FY-111** |
| | **Name ...........................................** | |

**പാർട്ട് III - ഐച്ഛികം**

**മൃദംഗം**

**സിദ്ധാന്തം**

പരമാവധി സ്കോർ : **50**

Time : **2** Hours

---

**A.** 1. അനുദ്രുതം എന്നാലെന്ത്? **(5 x 1 = 5)**

2. ആദിതാളത്തിന് സങ്കീർണ്ണ ഗതിയിൽ എത്ര മാത്രയാണ്?

3. 35 താളപ്പദ്ധതിയിലെ ഏറ്റവും വലിയ താളമേത്?

4. 'ഗുരു'വിന്റെ അംഗസംജ്ഞ.

5. പഞ്ചതാളപ്പദ്ധതിയിലെ ഒരു താളത്തിന്റെ പേരെഴുതുക.

**B.** 1. മൃദംഗത്തിന്റെ ഘടന വിവരിക്കുക. **(3 x 10 = 30)**

2. താളദശപ്രാണങ്ങൾ – ഉദാഹരണങ്ങൾ സഹിതം വിശദമാക്കുക.

3. മാർഗ്ഗക്രിയാഷ്ടകങ്ങൾ ഏവ? വിശദീകരിക്കുക.

**C.** 1. ഒരു കർണ്ണാടക സംഗീതക്കച്ചേരിയിൽ മൃദംഗത്തിന്റെ പ്രാധാന്യം വിവരിക്കുക. **(3 x 5 = 15)**

2. ദേശാദി-മദ്ധ്യാദി താളങ്ങൾ – നോട്ട് കുറിക്കുക.

3. ചാപ്പ് താളങ്ങൾ എന്നാലെന്ത്? വിശദീകരിക്കുക.

---

March 2019 Reg. No. ...................................... **FY-112**

Name ..........................................

**പാർട്ട് III - ഐച്ഛികം**

**തിമില**

**സിദ്ധാന്തം**

പരമാവധി സ്കോർ : **50**

Time : 2 Hours

**1–6 പൂരിപ്പിക്കുക.** **(6 × 1 = 6)**

1. പഞ്ചവാദ്യത്തിലെ പ്രധാന വാദ്യോപകരണം .......................................... ആണ്.

2. 5 അക്ഷരം വരുന്ന ...................................................... എന്ന പാഠക്കൈ ആണ്.

3. തിമിലയുടെ ശാസ്ത്രീയ നാമം ............................................................ എന്നാണ്.

4. ഒന്നാമത്തെ ത്രിപുടയിൽ .................................................. അക്ഷരങ്ങൾ വരും.

5. 112-അക്ഷരകാലത്തിന്റെ കൂട്ടികൊട്ടിൽ ഒന്നാമത്തെ ചെമ്പടവട്ടത്തിൽ .......... അക്ഷരങ്ങൾ ഉണ്ടാകും.

6. കേരള കലാമണ്ഡലത്തിൽ തിമിലയുടെ ആദ്യത്തെ വിസിറ്റിംഗ് പ്രൊഫസർ ........................................................................................ ആശാനായിരുന്നു.

**7–11 ഒന്നോ രണ്ടോ വാക്യത്തിൽ ഉത്തരമെഴുതുക.** **(5 × 2 = 10)**

7. മദ്ദളത്തിന്റെ വലന്തല വട്ടത്തിൽ എത്ര കണ്ണികൾ (തുളകൾ) ഉണ്ട്?

8. പഞ്ചവാദ്യം തുടങ്ങി കഴിയുന്നതുവരെ കോല് ഉപയോഗിച്ച് കൊട്ടുന്ന വാദ്യോപകരണം ഏത്?

9. തിമിലയുടെ 5-ാമത്തെ പാഠക്കൈ എഴുതുക.

10. പരിഷ വാദ്യത്തിൽ ഉൾപ്പെട്ടിരുന്ന വാദ്യോപകരണങ്ങൾ ഏതെല്ലാം?

11. തിമില വാദ്യം നവീനപദ്ധതി എന്ന മഹാഗ്രന്ഥം രചിച്ച ആശാന്റെ പേരെന്ത്?

**12–16 ഉത്തരം എഴുതുക.** **(5 × 2 = 10)**

12. പഞ്ചവാദ്യ ആസ്വാദകർക്ക് കേൾക്കാൻ സുഖമുള്ള തിമില, മദ്ദളം, കൊമ്പ്, ഇടയ്ക്ക എന്നീ വാദ്യോപകരണങ്ങളിൽ കൂട്ടായി ഒറ്റ പിടിച്ച് കൊട്ടുന്ന പഞ്ചവാദ്യത്തിലെ ഒരു കാലം ഏതാണ്?

13. മദ്ദളം പക്കമേളമായി അവതരിപ്പിക്കുന്ന ക്ഷേത്ര ചടങ്ങുകളും കലാരൂപങ്ങളും എഴുതുക.

14. തക്കിട്ട എന്ന പാഠക്കൈ തിമിലയിലും ചെണ്ടയിലും കൊട്ടുന്നതിന്റെ വ്യത്യാസം എഴുതുക.

15. തിമിലയുടെ ഗണപതിക്കൈ യശ്ശ: അന്നമനട പരമേശ്വര മാരാർ ആശാന്റെ ''തിമില വാദ്യം നവീന പദ്ധതി'' എന്ന ഗ്രന്ഥത്തിൽ എഴുതിയതു പോലെ എഴുതുക.

16. ചെമ്പട വട്ടത്തിന്റെ തുടക്കവും അവസാനവും ഖണ്ഡങ്ങൾ വേർതിരിക്കൽ അടി അടയാളം വിരൽ അടയാളം എന്നീ ചിഹ്നങ്ങൾ വരയ്ക്കുക.

**17–22 ഓരോ ഖണ്ഡികയിൽ ഉത്തരം എഴുതുക.** **(6 × 4 = 24)**

17. തിമില പ്രധാനമായി പ്രയോഗിക്കുന്ന സന്ദർഭങ്ങൾ ഏതൊക്കെയാണ്?

18. 14–അക്ഷരം വരുന്ന ഒന്നാമത്തെ ത്രിപുടയുടെ ആദ്യത്തെ ഭാഗങ്ങൾ എഴുതുക.

19. തൊപ്പിമദ്ദളവും ശുദ്ധമദ്ദളവും പക്കമേളമായി അവതരിപ്പിക്കുന്ന ഒരു കലാരൂപം: ഏതു ക്ഷേത്രത്തിലാണ് ഈ കലാരൂപം കൂടുതൽ അവതരിപ്പിക്കുന്നത്?

20. യശ്ശഃ അന്നമനട പരമേശ്വര മാരാർ ആശാൻ രചിച്ചിട്ടുള്ള തിമില വാദ്യം ''ഒരു നവീന പദ്ധതി'' എന്ന പുസ്തകത്തിൽ പട്ടികയിൽ ഓരോ കാലത്തിന്റേയും അക്ഷരകാലങ്ങൾ പതികാലം മുതൽ പഞ്ചവാദ്യം കലാശിക്കുന്നതുവരെയുള്ള കണക്ക് എഴുതുക.

21. തിമില - വട്ടം മാടുന്നതിനെ കുറിച്ച് എഴുതുക.

22. രണ്ടാമത്തെ ത്രിപുടയുടെ ഒന്നാം കലാശം എഴുതുക.

March 2019 Reg. No. ....................................

Name ..........................................

**FY-113**

**പാർട്ട് III - ഐച്ഛികം**

**കർണ്ണാടക സംഗീതം**

**സിദ്ധാന്തം**

പരമാവധി സ്കോർ : **50**

Time : **2** Hours

---

I. **പേരെഴുതുക:** **(10 x 1 = 10)**

1. മായാമാളവഗൗളയുടെ മേളസംഖ്യ?

2. ഷഡ്ശ്രുതി ഋഷഭം എന്നത് ഏത് സ്വരത്തിന് തുല്യമാണ്?

3. ചതുരശ്രജാതി ത്രിപുടതാളത്തിന്റെ അക്ഷരകാലമെത്ര?

4. സംഗീതരത്നാകരം ആരുടെ ലക്ഷണഗ്രന്ഥമാണ്?

5. കർണ്ണാടക സംഗീത പിതാമഹൻ എന്നറിയപ്പെടുന്നതാര്?

6. അന്യസ്വരപ്രയോഗങ്ങൾ വന്നിട്ടില്ലാത്ത രാഗം ഏതു പേരിലറിയപ്പെടുന്നു?

7. മേളപദ്ധതിയിലെ നാലാമത്തെ ചക്രത്തിന്റെ പേര്?

8. 'ശ്യാമകൃഷ്ണ' ആരുപയോഗിച്ചിരുന്ന മുദ്രയാണ്?

9. ബിലഹരി ഏതുമേളത്തിൽ ജന്യമാണ്?

10. സരിഗ എന്ന മൂന്നു സ്വരങ്ങളുടെ പ്രസ്താര സംഖ്യയെത്ര?

II. **ഉത്തരമെഴുതുക.** **(5 x 2 = 10)**

11. സ്വരപ്രസ്താരം എന്നാലെന്ത്?

12. 22, 38 എന്നീ മേളസംഖ്യകൾ വരുന്ന മേളങ്ങളേവ?

13. വിലോമചിട്ട സ്വരമെന്നാലെന്ത്?

14. 28-ാം മേളമായ ഹരികാംബോജിയുടെ സ്വരസ്ഥാനങ്ങളെഴുതുക.

15. ശ്യാമശാസ്ത്രികളുടെ മിശ്രചാപ്പ് താളത്തിലുള്ള കൃതികൾക്ക് രണ്ട് ഉദാഹരണങ്ങളെഴുതുക.

III. **വിശദമാക്കുക. (ഏതെങ്കിലും നാലെണ്ണം)** **(4 x 5 = 20)**

ക) രാഗലക്ഷണം – പൂർവ്വികല്യാണി

ഖ) സപ്തതാള അലങ്കാരങ്ങളിൽ ഉപയോഗിക്കുന്ന താളങ്ങളെ ക്രമത്തിൽ ജാതി, അംഗങ്ങൾ, അംഗസംജ്ഞകൾ, അക്ഷരകാലങ്ങൾ എന്നിവയോടെ എഴുതുക.

ഗ) രാഗലക്ഷണം – ബിലഹരി

ഘ) ദ്വാദശ (12) സ്വരങ്ങൾക്ക് തത്തുല്യമായി ഷോഡശ (16) സ്വരങ്ങളിൽ വന്നിട്ടുള്ള സ്വരങ്ങളേതെല്ലാം?

ങ) രാഗലക്ഷണം – സാവേരി

IV. **വിശദീകരിക്കുക:** **(1 x 10 = 10)**

16. ദശവിധഗമകങ്ങൾ

**അല്ലെങ്കിൽ**

ജീവചരിത്രം – ശ്യാമശാസ്ത്രികൾ

March 2019

Reg. No. ....................................

Name ..........................................

**FY-114**

## പാർട്ട് III - ഐച്ഛികം

## മോഹിനിയാട്ടം

## സിദ്ധാന്തം

പരമാവധി സ്കോർ : **50**

Time : **2** Hours

---

**ഏതെങ്കിലും 5 എണ്ണത്തിന് ഉത്തരമെഴുതുക.** **(5 x 10 = 50)**

I. നാട്യ സംബന്ധിയായ അഭിനയം 4 വിധം വിവരിക്കുക.

II. അംഗം, ഉപാംഗം, പ്രത്യംഗം എന്നിവ എന്ത്?
ഇവയ്ക്ക് മോഹിനിയാട്ടത്തിലുള്ള പ്രാധാന്യം വിശദമാക്കുക.

III. ചതുർവിംശതി മുദ്രകൾ ശ്ലോക രൂപത്തിലെഴുതുക.

IV. നവരസത്തിലെ ശൃഗാരരസം മോഹിനിയാട്ടത്തിൽ ഉപയോഗിക്കുന്നത് വിവരിക്കുക.

V. ശൃംഗാരനായികമാർ സന്ദർഭമനുസരിച്ച് എട്ടു വിധ സ്വഭാവക്കാരാണ് ഈ നായികമാർ ഏതെല്ലാം? ഓരോന്നും വിവരിക്കുക.

VI. കേരളത്തിലെ രണ്ട് സ്ത്രീ നടന രൂപങ്ങളെ പരിചയപ്പെടുത്തി മോഹിനിയാട്ടവുമായി താരതമ്യപ്പെടുത്തുക.

---

March 2019 Reg. No. ...................................... **FY-115**

Name ..........................................

**പാർട്ട് III - ഉപവിഷയം**

**ചുട്ടിയും തേപ്പും**

**സിദ്ധാന്തം**

പരമാവധി സ്കോർ : **25**

Time : **1** Hour

---

1. ചുട്ടി അരിയിൽ ചുണ്ണാമ്പ് ചേർക്കുന്നതിന്റെ തോത് എന്ത്? **(2)**

2. നീലമനയോല ഉണ്ടാക്കുന്ന വിധം വിവരിക്കുക. **(4)**

3. ഒരു പൊടിപ്പു കെട്ടുന്ന വിധം ക്രമത്തിലെഴുതുക. **(3)**

4. കത്തി വേഷങ്ങൾക്ക് രണ്ട് ഉദാഹരണങ്ങൾ എഴുതുക. **(3)**

5. കാട്ടാളന്റെ മുഖത്തേപ്പിന് ഏതെല്ലാം നിറങ്ങൾ വേണം? **(3)**

6. കത്തി വേഷത്തിന്റെ രണ്ട് വിഭാഗങ്ങളേവ? **(4)**

7. പച്ച വേഷങ്ങൾക്കും, കത്തി വേഷങ്ങൾക്കും ഉപയോഗിക്കുന്ന കോപ്പുകൾ വ്യത്യാസമുണ്ടോ? ഉണ്ടെങ്കിൽ എന്ത്? **(3)**

8. മുഖത്ത് ചുട്ടി കുത്തുന്ന കഥകളിയല്ലാത്ത മറ്റ് രണ്ടു കലാ രൂപങ്ങൾ ഏവ? **(3)**

March 2019 Reg. No. ....................................... **FY-116**

Name ............................................

**പാർട്ട് III - ഉപവിഷയം**

**ഇടയ്ക്ക**

**സിദ്ധാന്തം**

പരമാവധി സ്കോർ : **25**

Time : **1** Hour

---

I. **ഒറ്റവാക്കിൽ ഉത്തരമെഴുതുക:** **(3 x 1 = 3)**

1. ഒരു ജീവക്കോലിൽ എത്ര പൊടിപ്പുകൾ ഉണ്ടാവും?
2. ഒരു ഇടയ്ക്കയിൽ എത്ര ജീവക്കോലുകൾ ഉണ്ട്?
3. ഇടയ്ക്കയിൽ സാധകമുണ്ടാവാൻ ആദ്യം സാധകം ചെയ്യുന്നത് എന്തിലാണ്?

II. **ഒറ്റവാക്കിൽ ഉത്തരമെഴുതുക:** **(2 x 2 = 4)**

1. ഇടയ്ക്ക ഏതു വിധം വാദ്യമാണ്?
2. ഇടയ്ക്ക കൊട്ടുമ്പോൾ ശബ്ദ വ്യത്യാസം വരുത്തുന്നതെങ്ങനെ?

III. **ഒരു ഖണ്ഡിക യിൽ ഉത്തരമെഴുതുക:** **(3 x 6 = 18)**

1. ഇടയ്ക്കയുടെ അംഗങ്ങൾ ഏവ?
2. ഇടയ്ക്ക പ്രയോഗിക്കുന്ന കലകൾ ഏതെല്ലാം?
3. ഇടയ്ക്കയിൽ എത്ര പാഠക്കൈകൾ ഉണ്ടെന്നും അവ ആദ്യം ശീലിക്കേണ്ടത് എന്തിലെന്നും വ്യക്തമാക്കുക.

March 2019 Reg. No. ...................................... **FY-117**

Name ...........................................

## പാർട്ട് III - ഉപവിഷയം

## പഞ്ചവാദ്യ–മദ്ദളം

## സിദ്ധാന്തം

പരമാവധി സ്കോർ : **25**

Time : **1** Hour

---

**ഉത്തരം എഴുതുക.** **(5 x 1 = 5)**

1. മദ്ദളത്തിന്റെ ഇടംതല ഏത് മൃഗത്തിന്റെ തോൽ കൊണ്ടാണ് ഉണ്ടാക്കുന്നത്?

2. ആഗസ്റ്റ് 15-ന് പഞ്ചവാദ്യോത്സവം എന്ന പേരിൽ പഞ്ചവാദ്യം അരങ്ങേറുന്ന സ്ഥലം?

3. (പഞ്ചവാദ്യപഠനം. തിമില) എന്ന പുസ്തകത്തിന്റെ രചയിതാവ് ആര്?

4. കേരളീയ കലകളിലെ ആദ്യത്തെ പദ്മശ്രീ ആര്?

5. എരവത്ത് അപ്പുമാരാർ ഏത് വാദ്യത്തിൽ പ്രവീണനാണ്?

**വിശദീകരിക്കുക:** **(2 x 5 = 10)**

6. മൂന്നാം കാലം മുഖം, കലാശം എന്നിവയുടെ വായ്ത്താരി എഴുതുക.

7. നാലാം കാലത്തിന്റെ മൊത്തം അക്ഷരകാലവും നാലാം കാലത്തിന്റെ മുഖവും (അക്ഷരകാലം) തമ്മിൽ എന്താണ് ബന്ധം?

**വിശദമായി എഴുതുക:** **(1 x 10 = 10)**

8. നാലാംകാലം കൂട്ടിക്കൊട്ടിന് മദ്ദളം താളംപിടിക്കുന്ന വിധം എഴുതുക. (വായ്ത്താരി)

March 2019 Reg. No. ....................................

Name ..........................................

**FY-118**

**പാർട്ട് III - ഉപവിഷയം**

**ചുട്ടി – കോപ്പുപണി**

**സിദ്ധാന്തം**

പരമാവധി സ്കോർ : **25**

Time : **1** Hour

---

1. നെടും കത്തി വേഷത്തിലുള്ള രണ്ടു കഥാപാത്രങ്ങളുടെ പേര് എഴുതുക. **(2)**

2. കഥകളിയിൽ കിരീടം ഉപയോഗിക്കുന്ന ഒരു സ്ത്രീ കഥാപാത്രം ഏത്? **(2)**

3. കഥകളിയുടെ മുഖത്തേപ്പിന് വർണ്ണങ്ങൾ ഉണ്ടാക്കാൻ ഉപയോഗിക്കുന്ന വസ്തുക്കളേവ? **(3)**

4. ഹനുമാനും, സുഗ്രീവനും വാനര വേഷങ്ങളാണ്. എന്നാൽ വേഷ വ്യത്യാസമെന്ത്? **(3)**

5. ഉത്തരീയത്തിന്റെ നീളവും വീതിയും എത്ര? **(2)**

6. ചുവന്നതാടിവേഷത്തിന് ഉപയോഗിക്കാത്ത മെയ്ക്കോപ്പുകൾ ഏവ? **(3)**

7. മാറുമാലയുടെ നീളം (ഇറക്കം) എത്ര? **(2)**

8. പാടിയരഞ്ഞാണിന്റെ നീളമെത്ര? **(2)**

9. വെള്ളത്താടി മുടിയുടെ കെട്ടുകച്ചയുടെ നീളമെത്ര? **(2)**

10. പൊടിപ്പ് കെട്ടുന്ന ക്രമം വിവരിക്കുക. **(4)**

March 2019 Reg. No. ....................................... **FY-119**

Name ...........................................

## പാർട്ട് III - ഉപവിഷയം

## ചാക്യാർകൂത്ത്

## സിദ്ധാന്തം

പരമാവധി സ്കോർ : **25**

Time : **1** Hour

---

I. **ഒറ്റവാക്കിൽ ഉത്തരമെഴുതുക:** **(5 x 1 = 5)**

1. സുഭദ്രാ ധനഞ്ജയം കർത്താവ് ആര്?
2. ധനഞ്ജയത്തിലെ വിദൂഷകന്റെ പേര്?
3. ഭഗവദജ്ജുകത്തിന്റെ കർത്താവ് ആര്?
4. ശാണ്ഡില്യൻ എന്ന വിദൂഷക കഥാപാത്രം ഏത് പ്രഹസനത്തിലേതാണ്?
5. ആരുടെ തോഴരാണ് അർജ്ജുനൻ

II. **അർത്ഥം എഴുതുക:** **(5 x 1 = 5)**

1. പൃഥാ
2. ധാത്രി
3. ശൗര്യം
4. മനനം ചെയ്യുക
5. ഓഘങ്ങൾ

III. ശ്ലോകവും അന്വയവും അന്വയാർത്ഥവും എഴുതുക. **(2 x 5 = 10)**

1. നിവസത്സു ച തേഷു വിപ്രഗേഹേ ......
2. കൌന്തേയാനവബുദ്ധ്യ .........

IV. നാട്യശാസ്ത്ര സങ്കല്പത്തിലെ വിദൂഷകനെക്കുറിച്ച് വിവരിക്കുക. **(1 x 5 = 5)**

---

March 2019 Reg. No. ......................................

Name ..........................................

**FY-120**

**പാർട്ട് III - ഉപവിഷയം**

**നങ്ങ്യാർകൂത്ത്**

**സിദ്ധാന്തം**

പരമാവധി സ്കോർ : **25**

Time : **1** Hour

I. **ഒറ്റവാക്കിൽ ഉത്തരമെഴുതുക:** **(6 x 1 = 6)**

a. ശൂരസേന പുത്രി ആര്?

b. കംസമാതാവ് ആര്?

c. കാമദേവന്റെ ഭാര്യയുടെ പേര്?

d. പാർത്ഥൻ ആര്?

e. കാളീയനെ ഏതു ദ്വീപിലേയ്ക്കാണ് കൃഷ്ണൻ പറഞ്ഞയച്ചത്?

f. ക്ഷിതി എന്നർത്ഥം വരുന്നത്?

II. ശ്രീകൃഷ്ണചരിതം നങ്ങ്യാരമ്മക്കൂത്തിലെ അരങ്ങുതളി ശ്ലോകം എഴുതുക. **(1 × 2 = 2)**

III. നിർവ്വഹണം എന്താണെന്ന് വ്യക്തമാക്കുക. **(1 × 2 = 2)**

IV. **പൂരിപ്പിക്കുക:** **(5 × 1 = 5)**

a. അഥ ഗത്വാ ....................................

b. അസ്തിഃ പ്രാസ്തിശ്ച ......................

c. ഹന്തവ്യാ ന ................................

d. ഇത്യാകർണ്യ ................................

e. സായാമുനം നാമ .........................

V. ശ്രീകൃഷ്ണ ചരിതം നങ്ങ്യാരമ്മക്കൂത്തിലെ ഒന്ന് മുതൽ പത്ത് വരെയുള്ള ശ്ലോകങ്ങൾ എഴുതുക. **(1 × 10 = 10)**

**March 2019** **Reg. No. ......................................** **FY-121**

**Name ...........................................**

## പാർട്ട് III - ഉപവിഷയം

## പാഠകം

## സിദ്ധാന്തം

പരമാവധി സ്കോർ : **25**

Time : **1** Hour

---

**1–5 വരെയുള്ള ചോദ്യങ്ങൾക്ക് ഒന്നോ രണ്ടോ വാക്യത്തിൽ ഉത്തരമെഴുതുക.**

**(5 x 2 = 10)**

1. ദശരഥ രാജാവിന്റെ നായാട്ട് വിശദീകരിക്കുക.

2. പാഞ്ചാലീസ്വയംവരം പ്രബന്ധത്തിലെ ആദ്യശ്ലോകം എഴുതുക.

3. അകാരന്തം പുല്ലിംഗം എഴുതുക?

4. പാഞ്ചാലീസ്വയംവരം പ്രബന്ധത്തിലെ നിവസത്സു ച തുടങ്ങി തുടർച്ചയായ 2 ശ്ലോകം എഴുതുക?

5. യുഷ്ദ് ശബ്ദം എഴുതുക?

6. ഹേസ്വാഗതം എന്ന ശ്ലോകത്തിന്റെ വിഭക്തി, അന്വയം, അന്വയാർത്ഥം, പരിഭാഷ, സാരം ഇവ എഴുതുക. **(1 x 10 = 10)**

7. വിശ്വോൽകൃഷ്ടാ ജഗതി എന്നശ്ലോകം അസ്പദമാക്കി പാഞ്ചാലിയുടെ ഉത്ഭവ കഥ എഴുതുക. **(1 x 5 = 5)**

---

March 2019 Reg. No. ....................................

Name ..........................................

**FY-122**

# പാർട്ട് III - ഉപവിഷയം

## കർണ്ണാടക സംഗീതം

## സിദ്ധാന്തം

പരമാവധി സ്കോർ : **25**

Time : **1** Hour

I. **പേരെഴുതുക:** **(5 x 1 = 5)**

1. രാമനാട് ശ്രീനിവാസയ്യങ്കാർ ഉപയോഗിച്ചിരുന്ന മുദ്ര?

2. മേള പദ്ധതിയിലെ 55-ാം മേളമേത്?

3. കർണ്ണാടക സംഗീതത്തിലെ അടിസ്ഥാന താള പദ്ധതിയേത്?

4. സ എന്നത് ഏത് സ്ഥായിയെക്കുറിക്കുന്നു?

5. തിശ്രജാതി ത്രിപുട താളത്തിലെ അക്ഷര കാലങ്ങളെത്ര?

II. **ഉത്തരമെഴുതുക:** **(5 x 2 = 10)**

6. ഒരു രാഗത്തിന്റെ പ്രധാനപ്പെട്ട അംഗങ്ങളേതെല്ലാം?

7. ശുഭപന്തുവരാളി മേളത്തിന്റെ സ്വരസ്ഥാനങ്ങൾ എഴുതുക?

8. ഘനപഞ്ചകങ്ങളെന്നറിയപ്പെടുന്ന രാഗങ്ങളേതെല്ലാം?

9. മുദ്ര എന്നാലെന്ത്? ഉദാഹരണം?

10. മേള പദ്ധതിയിൽ ഓരോ മേളത്തിനും തത്തുല്യമായ പ്രതിമദ്ധ്യമ മേളങ്ങളുണ്ട്. രണ്ട് ഉദാഹരണങ്ങളെ കൊണ്ട് വ്യക്തമാക്കുക.

III. **വിശദീകരിക്കുക:** **(1 x 10 = 10)**

11. ജീവചരിത്രം – ത്യാഗരാജസ്വാമികൾ

**അല്ലെങ്കിൽ**

ജീവചരിത്രം – മുത്തുസ്വാമിദീക്ഷിതർ

March 2019 Reg. No. ....................................... **FY-123**

Name ...........................................

## പാർട്ട് III - ഉപവിഷയം

## തിമില – പഞ്ചവാദ്യമദ്ദളം

## സിദ്ധാന്തം

പരമാവധി സ്കോർ : **25**

Time : **1** Hour

---

I. 1. പഞ്ചവാദ്യം ഒന്നാംകാലം (അടിസ്ഥാനം) എത്ര അക്ഷരകാലമാണ്? **(1)**

2. 448 അക്ഷരകാലത്തിൽ ഒരു ചെമ്പടവട്ടം ദൈർഘ്യം വരുന്ന ഖണ്ഡം ഏതാണ്? **(1)**

3. തിമിലയുടെ ഗണപതിക്കൈ ഏതു താളത്തിലാണ് ചിട്ടപ്പെടുത്തിയിരിക്കുന്നത്? **(1)**

II. 1. 112 അക്ഷരകാലത്തിൽ കാലംനിരത്തിലിനും താളവട്ടത്തിനും കൂട്ടിക്കൊട്ടിനും കാലംമാറൽ കൂടിക്കൊട്ടിനും വരുന്ന അക്ഷരകാലങ്ങൾ ക്രമത്തിൽ എഴുതുക. **(3)**

2. മദ്ദളത്തിൽ ഏതൊക്കെ കാലങ്ങൾക്കാണ് താളവട്ടം കൊട്ടാനുള്ളത്, ക്രമപ്രകാരം പേരുകൾ എഴുതുക. **(3)**

3. പഞ്ചവാദ്യത്തിൽ ശംഖിന്റെ കർത്തവ്യമെന്താണ്? **(3)**

III. 1. തിമിലയിലെ 1,2,3, പാഠക്കൈകൾ ഏതൊക്കെ നടകളിൽ വരുന്നു എന്നും ഓരോന്നിനും എത്ര അക്ഷരം വരുന്നു എന്നും എഴുതുക. **(4)**

2. പഞ്ചവാദ്യത്തിൽ ഏതൊക്കെ കാലങ്ങളിലാണ് തനിയാവർത്തനം വായിക്കാറുള്ളത്? **(4)**

IV. മദ്ദളത്തിലെ 5 പാഠക്കൈകളുടെ വായ്ത്താരി എഴുതുക. **(5)**

---

March 2019 Reg. No. ......................................

Name ............................................

**FY-124**

**പാർട്ട് III - ഉപവിഷയം**

**മൃദംഗം**

**സിദ്ധാന്തം**

പരമാവധി സ്കോർ : **25**

Time : **1** Hour

---

I. **പൂരിപ്പിക്കുക:** **(5 x 1 = 5)**

1. അടതാളത്തിന്റെ അംഗസംജ്ഞ .................................................. ആണ്.

2. ജാതികൾ ........................................................................... വിധം ഉണ്ട്.

3. ദ്രുതത്തിന്റെ അംഗസംജ്ഞ .......................................................... ആണ്.

4. ചതുരശ്രജാതി ത്രിപുടതാളത്തിന് തിശ്രഗതിയിൽ ................ മാത്രയാണ്.

5. അനുദ്രുതത്തിന്റെ അംഗസംജ്ഞ .................................................. ആണ്.

II. **ചുരുക്കിയെഴുതുക:** **(2 x 2½ = 5)**

1. സപ്തതാളങ്ങൾ ഓരോ താളത്തിന്റേയും അംഗസംജ്ഞകൾ.

2. ജാതി, ഗതി – ഇവ തമ്മിലുള്ള വ്യത്യാസം.

III. 35 താളങ്ങൾ ഉണ്ടാകുന്ന വിധം വിവരിക്കുക. **(5)**

IV. പഴനി സുബ്രഹ്മണ്യ പിള്ളയുടെ ജീവചരിത്രം സംഗ്രഹിക്കുക. **(5)**

V. അംഗം എന്നാലെന്ത്? ഷോഡശാംഗപ്പട്ടിക എഴുതുക. **(5)**

March 2019 Reg. No. ......................................

Name ..........................................

**FY-125**

## പാർട്ട് III - ഉപവിഷയം

## വയലിൻ

## സിദ്ധാന്തം

പരമാവധി സ്കോർ : **25**

Time : **1** Hour

---

I. **പൂരിപ്പിക്കുക:** **(5 x 1 = 5)**

1. മിശ്രജാതി ജമ്പതാളത്തിന് ............................. അക്ഷരകാലം ആണ് ഉള്ളത്.

2. എഴുപത്തിരണ്ടാമത്തെ മേളകർത്താ രാഗം ..................................... ആണ്.

3. ത്യാഗരാജ കൃതികളിൽ കാണുന്ന മുദ്ര ........................................ എന്നാണ് .

4. ഒരു ഔഡവ - സമ്പൂർണ്ണരാഗമാണ് .................................................... രാഗം.

5. മുപ്പത്തിയഞ്ചു താളങ്ങളിൽ ഏറ്റവും കുറഞ്ഞ അക്ഷരകാലമുള്ള ഒരു താളം ............................................................................................................ ആണ്.

II. **ചുരുക്കി വിവരിക്കുക:** **(2 x 2½ = 5)**

1. കൽപ്പനാസംഗീതം – കൽപ്പിതസംഗീതം എന്നാൽ എന്തെന്ന് വിശദീകരിക്കുക.

2. താനവർണ്ണത്തിന്റെ അംഗങ്ങൾ, സമ്പ്രദായങ്ങൾ – വിശദീകരിക്കുക.

III. ദീക്ഷിതരുടെ ജീവചരിത്രവും സംഗീതസംഭാവനകളും വിശദമാക്കുക. **(5)**

IV. നിങ്ങൾ പഠിച്ച താനവർണ്ണത്തിന്റെ ചരണവും ചിട്ടസ്വരങ്ങളും സ്വരതാള അടയാളങ്ങളോടുകൂടി എഴുതുക. **(5)**

V. മലഹരി, ഹരികാംബോജി - എന്നീ രാഗങ്ങളുടെ ലക്ഷണം വിശദീകരിക്കുക. **(5)**

---

March 2019 | Reg. No. ....................................

Name ..........................................

**FY-126**

**പാർട്ട് III - ഉപവിഷയം**

**ഭരതനാട്യം**

**സിദ്ധാന്തം**

പരമാവധി സ്കോർ : **25**

Time : **1** Hour

---

I. **ഒന്നോ രണ്ടോ വാചകത്തിൽ ഉത്തരമെഴുതുക.** **(2 x 4 = 8)**

1. അടവുകൾ
2. കണ്ണു ഭേദങ്ങൾ (അഭിനയദർപ്പണം)
3. വർണം
4. നാട്യമണ്ഡപങ്ങൾ

II. **ചെറുകുറിപ്പെഴുതുക:** **(3 x 4 = 12)**

1. ഭരതനാട്യ ശൈലികൾ
2. ശബ്ദത്തിന്റെ അവതരണരീതി
3. ത്രിപതാക വിനിയോഗം
4. ഭരതനാട്യത്തിലെ വാചികാഭിനയം

III. **ഉപന്യസിക്കുക:** **(5)**

1. ഭരതനാട്യത്തിന്റെ ചരിത്രം വിശദീകരിക്കുക.

March 2019 Reg. No. ....................................

Name ..........................................

# FY-127

## പാർട്ട് III - ഉപവിഷയം

## കുച്ചിപ്പുടി

## സിദ്ധാന്തം

പരമാവധി സ്കോർ : **25**

Time : **1** Hour

---

I. **പൂരിപ്പിക്കുക:** **(½ x 6 = 3)**

1. നാഗബന്ധനില ............... ഗ്രന്ഥത്തിലേതാണ്.
2. കുച്ചുപ്പുടി കച്ചേരിയിലെ അവസാനയിനമാണ് .............. .
3. മഹാവിഷ്ണുവിന്റെ അഞ്ചാമത്തെ അവതാരമാണ് ................ .
4. കുച്ചുപ്പുടിയുടെ ആദ്യരൂപമാണ് ................. .
5. ................ ആണ് കുച്ചുപ്പുടിയുടെ രക്ഷകൻ.
6. ശുദ്ധനൃത്തയിനമാണ് ................. .

II. കൃഷ്ണശബ്ദത്തിന്റെ സാരം എഴതുക. **(4)**

III. അഭിനയദർപ്പണത്തിലെ പാദഭേദങ്ങൾ എഴുതുക. **(4)**

IV. ജതിസ്വരം, തില്ലാന എന്നിവയുടെ സാമ്യവ്യത്യാസങ്ങൾ എഴുതുക. **(4)**

V. കുച്ചുപ്പുടിയുടെ ചരിത്രം എഴുതുക. **(5)**

VI. കുച്ചുപ്പുടിയിലെ ചതുർവിധാഭിനയം വിശദമാക്കുക. **(5)**

---

March 2019 | Reg. No. ...................................... | **FY-128**

Name ..........................................

## പാർട്ട് III - സംസ്കൃതം

## ബാലരാമായണം

പരമാവധി സ്കോർ : **50**

Time : **2** Hours

---

**1–6 വരെ ഒന്നോ രണ്ടോ വാക്യത്തിൽ ഉത്തരമെഴുതുക:** **(6 x 2 = 12)**

1. താസു ത്വം ലപ്സ്യസേ പുത്രാൻ. ഇത് ആർ ആരോടു പറഞ്ഞതാണ്.

2. ഭരതേ അസാധാരണീ പ്രീതിരഭവത്. ആർക്ക്.

3. തത്കൃപയാ ന രാമം നേതുമർഹതി. ഈ വാക്യം ആർ ആരോടു പറയുന്നതാണ്.

4. തം യോജനശതം യാവത്സമുദ്രേ ചിക്ഷേപ. ആർ ആരെയാണ് എറിഞ്ഞത്.

5. ആത്മനോനുരൂപാം വധൂം പ്രാപ്യ സുതരാം വിരരാജ. വരന്മാരുടെയും വധുക്കളുടേയും പേരുകളെഴുതുക.

6. മയാ സമാനീതേസ്മിൻ ധനുഷി തേ വിക്രമഃ പ്രകാശ്യതാം. ഏതാണ് സന്ദർഭം.

**7–11 വരെ ഓരോ ഖണ്ഡികയിൽ ഉത്തരമെഴുതുക:**

7. രാമൻ വില്ലുമുറിച്ചപ്പോൾ ജനകൻ വിശ്വാമിത്രനോടു എന്താണ് പറഞ്ഞത്. **(3)**

8. ദിവ്യപുരുഷൻ നല്കിയ പായസം ദശരഥൻ എന്തുചെയ്തു. **(4)**

9. താടകാവധവൃത്താന്തം വിശദമാക്കുക. **(3)**

10. വിശ്വാമിത്രൻ എന്തിനാണ് ദശരഥനെ സമീപിച്ചത്. **(4)**

11. രാമനാമത്തിന്റെ മഹത്വം കവി എപ്രകാരമാണ് വർണ്ണിക്കുന്നത്. **(5)**

12– **വിഗ്രഹിക്കുക** (നാലെണ്ണം) **(4)**

രാജർഷി, ഹുതവഹഃ, വിശ്വാമിത്രഃ, മഹാമുനിഃ, ധനുഷ്പാണിഃ, നരപതിഃ

13. **പദച്ഛേദം ചെയ്യുക** (നാലെണ്ണം) **(3)**

തഥൈവ, മുനിരപി, ഭവാന്ന, ഗൃഹാണേതി, ഷഷ്ഠേഹനി, കാവിമൗ.

14. **ലകാരപുരുഷവചനങ്ങൾ എഴുതുക** (നാലെണ്ണം) **(4)**

ഗൃഹാണ, അന്തർദധേ, അജനയത്, ബഭൂവ, വേദ്മി, കുരുഷ്വ

15. **രണ്ടു പര്യായം വീതം എഴുതുക.** **(3)**

രാജാ, വസുധാ, രാക്ഷസഃ, വനം

16. **മലയാളത്തിലേക്ക് തർജ്ജമ ചെയ്യുക:** **(5)**

കുപിതേ കൗശികേ കൃത്സ്നാ വസുധാ ഭയേന ചചാല. ദേവാനാമപി മഹദ്ഭയം ബഭൂവ. ഇത്ഥംഭൂതേ വ്യതികരേ ഭഗവാൻ വസിഷ്ഠോ രാജാനമാബഭാഷേ. അഹം വേദ്മി മഹാത്മനോ രാമസ്യാനുപമം പരാക്രമം. വൃഥാ വിശങ്കയാ ഇക്ഷ്വാകൂണാം കുലേ ജാതോ ധർമ്മാത്മാ ച ഭവാന്ന ധർമം ഹാതുമർഹതി. വിശ്വാമിത്രേണ ഗുപ്തസ്യ രാമഭദ്രസ്യ കുതോ ഭേതവ്യം ഇതി.

March 2019 Reg. No. ....................................

Name ..........................................

**FY-129**

## പാർട്ട് III -

## സൗന്ദര്യശാസ്ത്രം

പരമാവധി സ്കോർ : **25**

Time : **1** Hour

---

**1–5 പൂരിപ്പിക്കുക:** **(5 x ½ = 2½)**

1. മുനുഷ്യമനസ്സിലെ സ്ഥിരഭാവങ്ങളാണ് ................................................................ .

2. ശൃംഗാരത്തിനു സംഭോഗശൃംഗാരം, ............... എന്നിങ്ങനെ രണ്ടു മുഖ്യഭേദമുണ്ട്.

3. ഭരതമുനി ........................................... വ്യഭിചാരീഭാവങ്ങളെക്കുറിച്ച് പറയുന്നണ്ട്.

4. വിഭാവം മുഖ്യമായും ................................................................... വിധത്തിലുണ്ട്.

5. ബലരാമഭരതത്തിന്റെ കർത്താവ് ............................................................. ആണ്.

6. ഹാസ്യഭേദങ്ങളെ വിശദീകരിക്കുക. **(2½)**

7. സാത്വികഭാവങ്ങളെ പരിചയപ്പെടുത്തുക. **(5)**

8. നാലുവിധം അഭിനയങ്ങളേവ. **(5)**

9. എന്താണ് വൃത്തി. വിശദമാക്കുക. **(5)**

10. രസസിദ്ധാന്തത്തെ വിശദമാക്കുക. **(5)**

March 2019 Reg. No. ....................................... **FY-130**

Name ...........................................

## പാർട്ട് III - സാഹിത്യം

## കഥകളി വിഭാഗം

പരമാവധി സ്കോർ : **25**

Time : **1** Hour

---

1. **അർത്ഥമെഴുതുക:** **(2)**

കന്നൽമിഴി, സായകം, ഗിരം, ദ്വിജൻ

2. **ചേരുംപടി ചേർക്കുക:** **(2)**

| | | | |
|---|---|---|---|
| ക) | കല്യാണസൗഗന്ധികം | – | മുരിങ്ങൂർ മഠം ശങ്കരൻപോറ്റി |
| ഖ) | ഉത്തരാ സ്വയംവരം | – | അശ്വതി തിരുനാൾ മഹാരാജാവ് |
| ഗ) | രുഗ്മിണീ സ്വയംവരം | – | ഇരയിമ്മൻ തമ്പി |
| ഘ) | കുചേല വൃത്തം | – | കോട്ടയത്തു തമ്പുരാൻ |

3. വാദ്യങ്ങൾ എത്രവിധം? ഏതെല്ലാം? ഉദാഹരണസഹിതം വിശദമാക്കുക. **(3)**

4. കഥകളിയുടെ ചടങ്ങുകൾ വിവരിക്കുക. **(3)**

5. ''പാർവണശശിവദനേ ..................................... **(3)**

..................................... താണ്ഡവം ചെയ്യുന്നു''.

– വിട്ടുപോയ ഭാഗം പൂരിപ്പിക്കുക. അർത്ഥം എഴുതുക.

6. ''കഷ്ടമഹോ! ധാർത്തരാഷ്ട്രന്മാർ ചെയ്ത ദുഷ്ടത'' **(3)**

– ധാർത്തരാഷ്ട്രന്മാർ ചെയ്ത ദുഷ്ടതകൾ ഏവ?

7. **സന്ദർഭവും ആശയവും വ്യക്തമാക്കുക.** **(3)**

    ''എന്തീവണ്ണം വന്നീടുവാൻ

    ചിന്തിക്കിൽ ദൈവചേഷ്ടിതം''

8. ബകവധം, കല്യാണസൗഗന്ധികം എന്നീ ആട്ടക്കഥകളിൽ നിന്നും പഠിച്ച ഭാഗങ്ങളെ അടിസ്ഥാനപ്പെടുത്തി കോട്ടയത്തു തമ്പുരാന്റെ രചനാപാടവത്തെക്കുറിച്ച് ഉപന്യസിക്കുക (ഒന്നരപ്പുറം). **(6)**

March 2019 Reg. No. ....................................... **FY-131**

Name ...........................................

## പാർട്ട് III - സാഹിത്യം

## കൂടിയാട്ടം/മിഴാവ്

പരമാവധി സ്കോർ : **25**

Time : **1** Hour

**1–4 മൂന്നെണ്ണത്തിന്റെ സാരം എഴുതുക.** **(3 x 2 = 6)**

1. ഖലാദ് ഗൃഹീതാ ഇവ വൈതസീഭിഃ
   ശാഖാഭി രാരൂഢമദാ ഇവോച്ചൈഃ
   പരിസ്ഖലന്ത്യോ നിഖിലാ സ്തടിന്യഃ
   ജഗ്മുർജ്ജവാ ദുദ്ഭട ഫേനഹാസാഃ

2. അമലകമലസന്നിഭോഗ്രനേത്രഃ
   കനകമയോജ്ജ്വലദീപികാ പുരോഗഃ
   ത്വരിതമദിപതത്യസൗ സരോഷോ
   യുഗപരിണാമസമുദ്രതോ യഥാർകഃ

3. സത്യാ നു സാ സ്യാദശരീരിണീ വാക്
   സത്യം കിമേതദ്വസുദേവവാക്യം
   വിതർക്കയന്നേവ മുദസ്തകേതും
   പുരീം പ്രപേദേ മണിതോരണാഢ്യം.

4. സംവൃത്തം തു മുലം യുദ്ധം
   കുമാരസ്യ ച തസ്യ ച
   തതഃ സ വാനരഃ ശീഘ്രം
   ബദ്ധഃ പാശേന സാമ്പ്രതം.

**5–8 മൂന്നെണ്ണത്തിന്റെ സന്ദർഭവും ആശയവും വ്യക്തമാക്കുക.** **(3 x 2 = 6)**

5. "പരോപകാരപ്രഭവം ഹി ദുഃഖം
പുംസസ്സുഖായൈവ മഹത്തരസ്യ."

6. "ഗജോ വാ സുമഹാൻ മത്തഃ സൃഗാലേന നിഹത്യതേ".

7. "ത്യക്ത്വാ രോഷം ച കാമം ച
യഥാകാര്യം തഥാകുരു"

8. "ന കശ്ചിദാസീദഭിസാരികാണാം
വിദ്യുൽ പ്രകാശേന വിനാ ऽ ന്തരായഃ"

9. **നുലു വാക്കിന്റെ അർത്ഥം എഴുതുക.** **(4 x ½ = 2)**

| | | |
|---|---|---|
| നിഭൃതം | വസുന്ധരാ | ഋദ്ധി |
| വാരിരാശി | വ്രാതം | വലാഹകം |

10. നവരസങ്ങൾ, അവയുടെ സ്ഥായീഭാവങ്ങൾ എന്നിവയെക്കുറിച്ച് (ഒരു ഖണ്ഡികയിൽ) ഉത്തരം എഴുതുക. **(1 x 3 = 3)**

11. കൂടിയാട്ടാവതരണത്തിൽ ഭാസന്റെ അഭിഷേക നാടകത്തിനുള്ള പ്രാധാന്യത്തെക്കുറിച്ച് (ഒന്നരപ്പുറത്തിൽ കവിയാതെ) ഉപന്യസിക്കുക. **(1 x 4 = 4)**

12. മിഴാവിന്റെ ഉത്ഭവം, നിർമ്മാണം, പ്രയോഗം എന്നിവയെക്കുറിച്ച് (ഒന്നരപ്പുറത്തിൽ കവിയാതെ) ഉപന്യസിക്കുക. **(1 x 4 = 4)**

March 2019 Reg. No. .....................................

Name ..........................................

# FY-132

## പാർട്ട് III - സാഹിത്യം

## തുള്ളൽ/മൃദംഗം

പരമാവധി സ്കോർ : **25**

Time : **1** Hour

1. **ആറു വാക്കിന്റെ അർത്ഥം എഴുതുക.** **(6 x ½ = 3)**

| | | | |
|---|---|---|---|
| ഇത്ഥം, | പൃഥ്വി | മലർശരൻ | വല്ലഭൻ |
| അടവി | ഹരി | ഗാത്രം | സംഗരം |

**2–5. മൂന്നെണ്ണത്തിന്റെ സന്ദർഭവും ആശയവും എഴുതുക.** **(3 × 2 = 6)**

2. ''പരമാർത്ഥത്തെ വിചാരിക്കാതെ
പരിഹാസത്തെ നടത്തീടരുത്''

3. ''ചിത്രമിതെല്ലാം വിധിയുടെചരിതം''

4. തട്ടും കൊട്ടും ചെണ്ടയ്ക്കത്രേ
കിട്ടും പണമതു മാരാന്മാർക്കും''

5. ''പാമ്പിനു പാലു കൊടുത്തെന്നാകിൽ
കമ്പിരിയേറി വരാറേയുള്ളൂ''

**6–7. ഒരു ഖണ്ഡികയിൽ ഉത്തരമെഴുതുക.** **(2 × 3 = 6)**

6. ജാംബവാൻ കണ്ട കൃഷ്ണരൂപത്തിന്റെ സവിശേഷതകൾ എന്തെല്ലാം?

7. ''ഉത്തമനാകിയ സൂര്യൻ ഭഗവാൻ
ഉത്തര മൊന്നിദമരുളിച്ചെയ്തു'' – സൂര്യ ഭഗവാൻ അരുളിച്ചെയ്തത് എന്തെല്ലാം?

**8–11. ചേരുംപടി ചേർത്തെഴുതുക.** **(4 × ½ = 2)**

| | | | |
|---|---|---|---|
| 8. | കാകളി | – | രാഗം |
| 9. | കുംഭം | – | തുള്ളൽ |
| 10. | തൊപ്പിമദ്ദളം | – | വൃത്തം |
| 11. | മോഹനം | – | താളം |

**12–13. രണ്ടുപുറത്തിൽ കവിയാതെ ഉപന്യസിക്കുക.** **(2 × 4 = 8)**

12. സ്യമന്തകം കൃതിയെ അടിസ്ഥാനമാക്കി നമ്പ്യാർക്കവിതയിലെ ഫലിത പരിഹാസങ്ങളെ കുറിച്ച് ഉപന്യസിക്കുക.

13. സ്യമന്തകം കൃതിയിലൂടെ നമ്പ്യാർ നടത്തുന്ന സാമൂഹിക വിമർശനത്തെക്കുറിച്ച് ഉപന്യസിക്കുക.

March 2019 Reg. No. .................................... **FY-133**

Name ..........................................

## പാർട്ട് III - സാഹിത്യം

## തിമില

പരമാവധി സ്കോർ : **25**

Time : **1** Hour

---

**1–5 ഒറ്റവാക്കിൽ ഉത്തരം എഴുതുക. (ഒരു സ്കോർ വീതം)** **(5)**

1. പഞ്ചവാദ്യത്തിലെ കേന്ദ്രവാദ്യം ഏത്?

2. തിമില നിർമ്മിക്കുന്നതിന് ഉപയോഗിക്കുന്ന മരം ഏത്?

3. ഏറ്റവും ചെറിയ പഞ്ചവാദ്യത്തിൽ തിമിലയുടെ എണ്ണം എത്രയാണ്?

4. വീണ ഏത് വിഭാഗത്തിൽപ്പെട്ട വാദ്യമാണ്?

5. ഒരു ഭാഗം ദേവാംശവും മറുഭാഗം അസുരാംശവുമായ വാദ്യം ഏത്?

**6–9 ചേരുംപടി ചേർക്കുക. (അര സ്കോർ വീതം)** **(2)**

| | | | |
|---|---|---|---|
| 6. | ചെണ്ട | – | പഞ്ചവാദ്യം |
| 7. | തിമില | – | തായമ്പക |
| 8. | മിഴാവ് | – | കേളി |
| 9. | മദ്ദളം | – | കൂടിയാട്ടം |

10. 'തിമിലയിടച്ചിൽ' എന്നാലെന്ത്? വിശദമാക്കുക. **(3)**

11. തിമിലയുടെ നിർമ്മാണം, പ്രയോഗം എന്നിവയെപ്പറ്റി (ഒന്നരപ്പുറത്തിൽ കവിയാതെ) ഉപന്യസിക്കുക. **(5)**

12. ചെണ്ടയുടെ നിർമ്മാണം, പ്രയോഗം എന്നിവയെക്കുറച്ച് (ഒന്നരപ്പുറത്തിൽ കവിയാതെ) ഉപന്യസിക്കുക. **(5)**

13. ഇലത്താളം, പുല്ലാങ്കുഴൽ എന്നിവ ഏതുവിഭാഗം വാദ്യങ്ങളാണ്? അവയുടെ പ്രാധാന്യം എന്ത്? (ഒന്നരപ്പുറത്തിൽ കവിയാതെ) ഉപന്യസിക്കുക. **(5)**

March 2019 | Reg. No. ..................................... | **FY-134**

Name ..........................................

## പാർട്ട് III - സാഹിത്യം

## കർണ്ണാടക സംഗീതം

പരമാവധി സ്കോർ : **25**

Time : **1** Hour

---

1. **ആറ് വാക്കിന്റെ അർത്ഥം എഴുതുക. (അര സ്കോർ വീതം)** **(3)**

| | |
|---|---|
| തെല്ല് | ശശധരൻ |
| മൊഴി | ആതപം |
| സ്വാന്തം | കാതരാക്ഷി |
| പാടീരം | മധുപം |

**2–5. പൂരിപ്പിക്കുക (അര സ്കോർ വീതം)** **(2)**

2. മേളകർത്താ പദ്ധതി ആവിഷ്കരിച്ചു നടപ്പാക്കിയത് ................................ ആണ്.

3. സംഗീതരത്നാകരം എന്ന കൃതി രചിച്ചത് ................................................ ആണ്.

4. ......................................................................... ഇരയിമ്മൻ തമ്പിയുടെ പുത്രിയാണ്.

5. .......... , ..........., ............., എന്നിവർ കർണ്ണാടക സംഗീതത്തിലെ ത്രിമൂർത്തികൾ എന്ന് അറിയപ്പെടുന്നു.

**6–9. ചേരുംപടി ചേർക്കുക. (അര സ്കോർ വീതം)** **(2)**

| | | | |
|---|---|---|---|
| 6. | കരുണചെയ്വാൻ | – | സ്വാതിതിരുനാൾ |
| 7. | ദാനിസാമജേന്ദ്ര | – | ഇരയിമ്മൻ തമ്പി |
| 8. | എന്തരോ മഹാനുഭാവലു | – | മുത്തുസ്വാമി ദീക്ഷിതർ |
| 9. | വാതാപിഗണപതിം | – | ത്യാഗരാജസ്വാമികൾ |

**10–11. സന്ദർഭം വ്യക്തമാക്കുക. (മൂന്നു സ്കോർ വീതം)** **(6)**

10. ''വല്ലവരും ചൊന്ന വാക്കു കരുതീ–

ടൊല്ല നീഹൃദി ജീവനായക''

11. ''വ്യക്ത മങ്ങുപോകിലയുക്തമെന്നറിക നീ''

**12–13. ഒന്നരപ്പുറത്തിൽ കവിയാതെ ഉപന്യസിക്കുക. (ആറ് സ്കോർ വീതം)** **(12)**

12. 'സ്വാതിതിരുനാൾ മഹാരാജാക്കന്മാരിൽ സംഗീതജ്ഞനും, സംഗീതജ്ഞരിൽ ഒരു മഹാരാജാവും ആയിരുന്നു. വിശദമാക്കുക.

13. വാങ്മയ ചിത്രങ്ങൾ വള്ളത്തോൾ കവിതയ്ക്ക് ഓജസ്സും തേജസ്സും വർദ്ധിപ്പിക്കുന്നു. ഒരു ചിത്രം എന്ന കവിതയെ അടിസ്ഥാനമാക്കി ഈ അഭിപ്രായത്തെ വിലയിരുത്തുക.

March 2019 Reg. No. ..................................... **FY-135**

Name ..........................................

# പാർട്ട് III - സാഹിത്യം

## നൃത്തം

പരമാവധി സ്കോർ : **25**

Time : **1** Hour

1. **അർത്ഥം എഴുതുക:** **(2)**

   മാരുതൻ, മധുപം, വേണി, രജനി

2. താഴെപ്പറയുന്നവ അഭിനയിക്കുമ്പോൾ ഉപയോഗിക്കുന്ന പ്രധാന മുദ്രയേത്? **(3)**

   i. ദൃഷ്ടി – കരുണ – പൊടി

   ii. കുതിര – അതിവർഷം – തലമുടി

   iii. വിരഹം – വേദം – പിശാച്

3. 'കാന്തനോടു ചെന്നു മെല്ലെ ........' ഈ പദത്തിന്റെ രചയിതാവ് ആര്? പദത്തിന്റെ രാഗം ഏത്? താളം ഏത്? **(3)**

4. **ചേരുംപടി ചേർത്തെഴുതുക:** **(2)**

   i. ഹാസ്യം – ശോകം

   ii. കരുണം – ഗതിമണ്ഡലം

   iii. അംഗഹാരം – ഗംഗാവതരണം

   iv. കരണം – വെളുപ്പ്

5. ഏറ്റവും പ്രസിദ്ധനായ ഒരു സോപാന സംഗീതജ്ഞന്റെ പേരെഴുതുക. **(3)**

   അഷ്ടപദി, സോപാനസംഗീതം എന്നിവ നിർവചിക്കുക.

6. **ലഘുകുറിപ്പ് തയ്യാറാക്കുക:** **(3)**

   i. അസംയുക്ത ഹസ്തം

   ii. സംയുക്ത ഹസ്തം

7. നവരസങ്ങൾ ഏവ? കരുണരസത്തിന്റെ സ്ഥായി, വിഭാവം, അനുഭാവം എന്നിവയെക്കുറിച്ച് ലഘു ഉപന്യാസം തയ്യാറാക്കുക. (ഒന്നരപ്പേജ്) **(4)**

8. സ്വാതിതിരുനാളിന്റെ ജീവചരിത്രം ചുരുക്കി എഴുതുക. (ഒന്നരപ്പേജ്) **(5)**